പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2146 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ശീതള പാനീയങ്ങൾ കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ശീതളപാനീയങ്ങൾ പകൽ സമയത്ത് ട്രാൻസ്പോർട്ടേഷൻ നടത്തുമ്പോൾ സൂര്യാതപം ഏറ്റ് അവ ഹാനികരമാകുമെന്നതിനാൽ പ്രസ്തുത പാനീയങ്ങൾ മനുഷ്യരിൽ ക്യാൻസർ ഉണ്ടാക്കുവാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | എ) | ശീതളപാനീയങ്ങൾ പകൽ സമയത്ത് ട്രാൻസ്പോർട്ടേഷൻ നടത്തുമ്പോൾ സൂര്യാതപം മൂലം ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് പ്രസ്തുത നടപടി നിയന്ത്രിക്കുന്നതിനായുള്ള മുന്നറിയിപ്പുകൾ പത്രമാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) | സൂര്യാതപമേൽക്കുന്ന വിധം പകൽ സമയത്ത് ശീതള പാനീയങ്ങൾ കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | സൂര്യാതപമേൽക്കുന്ന വിധം പകൽ സമയത്ത് ശീതള പാനീയങ്ങൾ കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പത്രമാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| സി) | ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ ഫുഡ് സേഫ്റ്റി ഓഫീസ് അനുവദിച്ചെങ്കിലും നാളിതുവരെ ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | സി) | ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ ഫുഡ് സേഫ്റ്റി ഓഫീസ് അനുവദിച്ചെങ്കിലും 34 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആയത് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ലഭ്യമായ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരെ ഉപയോഗിച്ച് പരിശോധനകൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. |
| ഡി) | മായം കലർന്ന ഭക്ഷണപദാർത്ഥങ്ങൾ കണ്ടെത്തുവാൻ മുനിസിപ്പൽ/പഞ്ചായത്ത് തലത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

ഭക്ഷ്യസുരക്ഷ

# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്, തിരുവനന്തപുരം .695014
Ph 0471-2322833, 2322844, Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

നം. ജി- 4809/17/CFS തീയതി .01.12.2017

## പൊതുജന ശ്രദ്ധയ്ക്ക്

പ്ലാസ്റ്റിക്ക് കണ്ടെയ്നറുകളിലും കുപ്പികളിലുമായി സൂക്ഷിക്കുന്ന കുടിവെള്ളം, ശീതളപാനീയം എന്നിവ മൂടിയില്ലാതെ വാഹനങ്ങളിൽ കൊണ്ടുപോകുന്നതു മൂലവും വ്യാപാര സ്ഥാപനങ്ങളിലടക്കം ആയത് നേരിട്ട് സൂര്യപ്രകാശം ഏൽക്കത്തക്ക രീതിയിൽ സൂക്ഷിക്കുന്നതു മൂലവും പ്ലാസ്റ്റിക്കിൽ അടങ്ങിയിട്ടുള്ള അപകടകരമായ കെമിക്കലുകൾ വെള്ളവുമായി ചേരാൻ സാധ്യതയുണ്ട് . ഇപ്രകാരമുള്ള പരാതികൾ മനുഷ്യാവകാശ കമ്മീഷനിൽ നിന്നടക്കം ലഭിച്ചതിനാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 30(2)(ബി)(ഡി) എന്നിവ പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അത്തരത്തിൽ സൂക്ഷിച്ചിരുന്ന കുപ്പിവെള്ള കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ടി ആരോപണം ശരിവയ്ക്കുന്ന രീതിയിലടക്കമുള്ള റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. കുടിവെള്ളം /ശീതളപാനീയം എന്നിവ പ്ലാസ്റ്റിക്ക് കുപ്പികളിലോ കണ്ടെയ്നറുകളിലോ സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്ന രീതിയിൽ സൂക്ഷിക്കുന്നത് വഴി ഉണ്ടാകുന്ന ഉയർന്ന ഊഷ്മാവ് മൂലം ആയതിൽ അപകടകരമായ കെമിക്കലുകൾ രൂപീകൃതമായേക്കുമെന്നതിനാലും ആയത് ഉപയോഗിക്കുന്നത് വഴി പൊതുജനങ്ങളുടെ ആരോഗ്യത്തിന് അത്യന്തം അപകടകരമാണെന്നുള്ള വസ്തുതയും അതീവ ഗൗരവമുള്ള വിഷയമാണ്.

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 18(1)(എ)(സി) (എഫ്) എന്നിവയിൽ നിഷ്കർഷിക്കും പ്രകാരം ഭക്ഷ്യവസ്തുക്കൾ അപകടകരമായ രീതിയിൽ സൂക്ഷിക്കുന്നതോ വിതരണം ചെയ്യുന്നതോ തടയേണ്ടത് ഭക്ഷ്യസുരക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. ആയതിനാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 29(3)ൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് കുപ്പികളിലോ കണ്ടെയ്നറുകളിലോ കുടിവെള്ളം, ശീതളപാനീയം എന്നിവ സൂര്യപ്രകാശം ഏൽക്കുന്ന രീതിയിൽ മേലിൽ സൂക്ഷിക്കാൻ പാടില്ലായെന്നും ആയത് കൊണ്ടുപോകുന്ന വാഹനങ്ങൾ ശരിയായ മൂടിയോടുകൂടി ഉള്ളതായിരിക്കേണ്ടതാണെന്നും അറിയിച്ചുകൊള്ളുന്നു. ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുപ്പിവെള്ളം കൊണ്ടുപോകുന്നതോ സൂക്ഷിക്കുന്നതായോ കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം മറ്റൊരു അറിയിപ്പ് കൂടാതെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുപ്പിവെള്ളമോ ശീതളപാനീയമോ സൂക്ഷിക്കുന്നതായോ വാഹനങ്ങളിൽ കൊണ്ടപോകുന്നതായോ പൊതുജനങ്ങളുടെ ശ്രദ്ധയിൽപെടുന്ന പക്ഷം ഏറ്റവും അടുത്തുള്ള ഭക്ഷ്യസുരക്ഷാ കാര്യാലയങ്ങളിലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയോ ഭക്ഷ്യസുരക്ഷാ ടോൾഫ്രീ നമ്പരായ 1800 425 1125 എന്ന നമ്പരിലോ അറിയിക്കാവുന്നതാണ്.

ഭക്ഷ്യസുരക്ഷാ കമ്മീഷണർ

# ഭക്ഷ്യസുരക്ഷാ മുന്നറിയിപ്പ്

**പൊതുജനാരോഗ്യം** മുൻനിർത്തി പ്ലാസ്റ്റിക്ക് കുപ്പികളിലും പ്ലാസ്റ്റിക്ക് കണ്ടെയ്നറുകളിലും വെള്ളം, ശീതളപാനീയം എന്നിവ സൂര്യപ്രകാശം മൂലമുള്ള താപം ഏൽക്കുന്ന രീതിയിൽ സൂക്ഷിക്കാൻ പാടില്ല. കൂടാതെ ഇത്തരം പാനീയങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങൾ ശരിയായ മൂടിയോടുകൂടി ഉള്ളതായിരിക്കേതാണ്.

പ്ലാസ്റ്റിക്ക് കണ്ടെയ്നറുകളിലും കുപ്പികളിലുമായി സൂക്ഷിക്കുന്ന കുടിവെള്ളം, ശീതളപാനീയം എന്നിവയിൽ നേരിട്ട് സൂര്യപ്രകാശം മൂലമുള്ള ചൂട് ഏൽക്കുന്നതുമൂലം പ്ലാസ്റ്റിക്കിൽ അടങ്ങിയിട്ടുള്ള കെമിക്കലുകൾ വെള്ളവുമായി ചേരാൻ സാധ്യതയുണ്ട്. കൂടാതെ ഊഷ്മാവിന്റെ അളവ് ക്രമാതീതമായി കൂടുന്ന അവസരങ്ങളിൽ പ്ലാസ്റ്റിക്കിൽ നിന്ന് അപകടകരമായ കെമിക്കലുകൾ രൂപീകൃതമായേക്കുമെന്നതിനാലും ഇത്തരം പാനീയങ്ങൾ ഉപയോഗിക്കുന്നതു വഴി പൊതുജനങ്ങളുടെ ആരോഗ്യത്തിന് അത്യന്തം അപകടകരമാണെന്നുള്ള വസ്തുതയും അതീവ ഗൗരവമുള്ള വിഷയമാണെന്ന് അറിയിക്കുന്നു.

ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുപ്പിവെള്ളം, ശീതളപാനീയങ്ങൾ എന്നിവ മൂടിയില്ലാത്ത വാഹനത്തിൽ കൊണ്ടുപോകുന്നതോ വിൽപ്പനയ്ക്കായി സൂക്ഷിക്കുന്നതായോ കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം മറ്റൊരു അറിയിപ്പ് കൂടാതെ പ്രോസിക്യൂഷൻ അടക്കമുള്ള നിയമ നടപടി സ്വീകരിക്കുന്നതാണ്.

ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ വസ്തുതകൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപെടുന്ന പക്ഷം ഏറ്റവും അടുത്തുള്ള ഭക്ഷ്യസുരക്ഷാ കാര്യാലയങ്ങളിലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയോ ഭക്ഷ്യസുരക്ഷാ ടോൾഫ്രീ നമ്പരായ 1800 425 1125 എന്ന നമ്പരിലോ അറിയിക്കാവുന്നതാണ്.

വീണാ എൻ. മാധവൻ IAS
(ഭക്ഷ്യസുരക്ഷാ കമ്മീഷണർ)

**ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം**
തൈക്കാട്, തിരുവനന്തപുരം 695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

**Toll Free No : 1800 425 1125**

സെക്ഷൻ ഓഫീസർ